# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.706 29/01/2019 ൽ മറുപടിക്ക്

**ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ**

ചോദ്യം മറുപടി

ശ്രീ.കെ.മുരളീധരൻ

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോട നുബന്ധിച്ച് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന് തകർന്ന പമ്പയിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയിലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കു ന്നതിനും,അന്നദാനത്തിനും , കുടിവെള്ളത്തിനും മെഡിക്കൽ |

| | | | |
|---|---|---|---|
| | | | സഹായം ലഭ്യമാക്കു ന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്.മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണത്തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതില്യ ണ്ടായ പോരായ്മ കാരണം തീർത്ഥാടകർക്ക് ബുദ്ധിമുട്ട് നേരിട്ടതാ യുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെടുന്ന ബുദ്ധിമുട്ടുകൾ അപ്പോൾ തന്നെ പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ